LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് നൽകാൻ നീക്കിവച്ച തുക ചെലവാക്കാത്തതിനുള്ള കാരണം

117 (1080) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ നീക്കിവച്ച ഏഴര കോടിയോളം രൂപ സംസ്ഥാനം ചെലവഴിച്ചില്ലെന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ചെലവഴിക്കാതിരിക്കാനുള്ള കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) അർഹരായ പാവപ്പെട്ട കുട്ടികൾക്ക് ഈ തുക നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിച്ചിട്ടുണ്ട്. 2007-08, 2008-09 വർഷങ്ങളിലായി ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര സഹായമായി 722.117 ലക്ഷം രൂപ ലഭിച്ചിരുന്നു. സംസ്ഥാനത്തെ മൊത്തം ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ടി തുക പര്യാപ്തമല്ല. 80 കോടിയോളം രൂപ ടി ഇനത്തിൽ വേണ്ടിവരുമായിരുന്നു. സർക്കാർ ഈ കാര്യം പരിശോധിക്കുകയും കേന്ദ്രത്തിൽ നിന്നും ലഭിച്ച 10.80 കോടി രൂപ ലാപ്സാകാതെയിരിക്കാൻ +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പരിമിതപ്പെടുത്തി പ്രതിമാസം 90 രൂപ നിരക്കിൽ 900 രൂപ സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭിച്ച ടി തുക 14 ജില്ലകൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനുള്ള ഫണ്ട്

118 (1081) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് 2003-ൽ അഞ്ച് ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ടോ ;

(ബി) ഈ തുകയ്ക്കുള്ള 5412-ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് 31-3-2003-ൽ സി.ബി.നമ്പർ 293/02-03 പ്രകാരം വെള്ളയമ്പലം ട്രഷറിയിൽനിന്നും മാറിയിട്ടുണ്ടോ :

(സി) ഈ ഡിമാന്റ് ഡ്രാഫ്റ്റ് കേരള യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ ഡി.ഡി.യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഇ) ഈ ഡിമാന്റ് ഡ്രാഫ്റ്റ് യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടില്ലെങ്കിൽ ഈ തുക ട്രഷറിയിൽ നിന്നും കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ പേരുവിവരം വ്യക്തമാക്കുമോ :

(എഫ്) ഇക്കാര്യത്തിൽ തിരിമറി നടന്നിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനുവേണ്ടി 26-3-2003-ൽ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ 5 ലക്ഷം രൂപയുടെ ഡി.ഡി. (പേ ഓർഡർ നമ്പർ 5412, തീയതി 31-3-2003) എടുത്തിരുന്നു. പിന്നീട് ടി ഡി.ഡി. നഷ്ടപ്പെടുകയും തുടർന്ന് തുക മാറിയിട്ടില്ലെന്ന് ബന്ധപ്പെട്ട ബാങ്കിൽ നിന്നും ഡ്രോയിംഗ് ഓഫീസർ മുഖാമുലം അറിയിച്ചതിനെ പ്രകാരം വീണ്ടും ഡ്യൂപ്ലിക്കേറ്റ് ഡി.ഡി. എടുക്കുകയും തുക കേരള യൂണിവേഴ്സിറ്റിക്ക് കൈമാറുകയും ചെയ്തുകയുണ്ടായി.

(എഫ്) ഈ വിഷയത്തിൽ തിരിമറി നടന്നിട്ടുള്ളതായി കാണുന്നില്ല.

ഭൂരഹിത പട്ടികവിഭാഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്ന പദ്ധതി

119 (1082) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയും ഭവനവും നൽകുന്ന പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly